**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3824** **03-03-2023 - ൽ മറുപടിയ്ക്ക്**

**ശ്രീ. മിഥുൻ ആർ.-ന്റെ ആശ്രിത നിയമന അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ആശ്രിത നിയമനം ലഭിക്കുന്നതിനായി ശ്രീ. മിഥുൻ ആർ. (കങ്ങപ്പിള്ളി ഹൗസ്, വി.എച്ച്.പി. കോളനി, ആലുവ) നൽകിയ അപേക്ഷയിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം നിയമനത്തിനായി ശ്രീ. മിഥുൻ.ആർ 01.06.2015-ന് സമർപ്പിച്ച അപേക്ഷ ആരോഗ്യ വകുപ്പിൽ വിശദമായി പരിശോധിച്ച്, ടിയാന് ആരോഗ്യ വകുപ്പിലെ ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനത്തിന് സ.ഉ.(കൈ) 165/2016/ആ.കു.വ തീയതി 09/08/2016 പ്രകാരം അനുമതി നൽകിയിരുന്നു. |
| (ബി) | പ്രസ്തുത ആശ്രിത നിയമന അപേക്ഷ പ്രകാരം ശ്രീ. മിഥുൻ ആർ. ന് നിയമനം ലഭിക്കുന്നതിനായി ആരോഗ്യവകുപ്പ് കൂടാതെ മറ്റ് വകുപ്പുകളിലേയ്ക്കും പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ തീർപ്പുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ആരോഗ്യ വകുപ്പിൽ ആശ്രിതനിയമന പ്രകാരം ക്ലാർക്ക് തസ്തികയിൽ നിയമനം വൈകുമെന്നതിനാൽ മറ്റു വകുപ്പുകളിലേയ്ക്ക് പരിഗണിക്കണമെന്നാവശ്യപ്പെട്ട് ടിയാൻ 10/06/2022-ന് സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിക്കുകയും, പൊതുഭരണ വകുപ്പിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന എൽഡി ക്ലാർക്ക് (വിവിധം) തസ്തികയിൽ പരിഗണിക്കുന്നതിലേയ്ക്കായി, ടിയാന് ആരോഗ്യ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നൽകിയിരുന്ന നിയമനാനുമതി സ.ഉ(കൈ)നം. 20/2023/ആ.കു.വ തീയതി 28/01/2023 പ്രകാരം റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തസ്തികമാറ്റ അപേക്ഷ പൊതുഭരണ വകുപ്പിന്റെ പരിഗണനയിലാണ്. |
| (സി) | ആശ്രിത നിയമനത്തിനുള്ള അപേക്ഷകരുടെ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ. മിഥുൻ ആർ. എത്രാമത്തെ അപേക്ഷകനാണെന്ന് അറിയിക്കുമോ; വ്യക്തമാക്കുമോ; | (സി) | 10/06/2022 അപേക്ഷാ തീയതിയായുള്ള ശ്രീ.മിഥുൻ.ആർ പൊതുഭരണ വകുപ്പിൽ നിലവിലുള്ള എൽ.ഡി ക്ലാർക്കിന്റെ സീനിയോറിറ്റി ലിസ്റ്റിൽ 506-ാമതാണ്. അപേക്ഷാ തീയതിക്കനുസരിച്ച് സീനിയോറിറ്റി നമ്പറിൽ വ്യത്യാസം വരുന്നതാണ്. |
| (ഡി) | ആറ് വർഷങ്ങൾക്ക് ശേഷവും ആശ്രിത നിയമനത്തിനായുള്ള അപേക്ഷയിൽ തീർപ്പുണ്ടായിട്ടില്ല എന്നത് പരിഗണിച്ച് പ്രസ്തുത വിഷയത്തിൽ സാധ്യമായ എല്ലാ നടപടികളും അടിയന്തരമായി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | 2012 മുതൽ 2015 വരെ കാലയളവിൽ വിവിധ ഉത്തരവുകൾ പ്രകാരം സൂപ്പർ ന്യൂമററി എൽ.ഡി ക്ലാർക്ക് തസ്തികകൾ സൃഷ്ടിച്ച് നിയമിതരായവരിൽ സർവ്വീസ് ക്രമീകരണത്തിന് ശേഷിച്ചിരുന്ന 155 പേരിൽ ആദ്യ 70 പേരുടെ സർവ്വീസ് ക്രമീകരണം നടത്തുന്നതിന് 10/02/2023 ലെ സ.ഉ (എം.എസ്) |

| | | | |
|---|---|---|---|
| | | | 18/2023/പൊ.ഭ.വ പ്രകാരം ഉത്തരവായിട്ടുണ്ട്. 85 സൂപ്പർ ന്യൂമററി എൽ.ഡി ക്ലാർക്കുമാരുടെ സർവ്വീസ് ക്രമീകരണം ശേഷിക്കുന്നുണ്ട്. പ്രസ്തുത സൂപ്പർ ന്യൂമററി എൽ.ഡി ക്ലാർക്കുമാരുടെ സർവ്വീസ് ക്രമീകരണത്തിന് ശേഷം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന്റെ ഊഴമെത്തുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ